Mr. M. N. Paramesvaran Pillai: Sir I wish to make a statement. I had been sending up some questions almost from the very beginning of this Reformed Council and, although I used to repeat them at every session, they have not been answered till now. Perhaps, we may have only one more sitting of this Council. I trust that you will kindly make arrangements for the answering of those questions at the next sitting of the Council.

President: That matter will be noted.

THE TRAVANCORE COMPENSATION FOR IMPROVEMENTS BILL.

President: The Council will now proceed with legislative business and the consideration of the Travancore Compensation for Improvements Bill. I am informed that Mr. E. P. Varghese was speaking when the House rose last time.

Mr. E. P. Varghese: Sir, I have been referring to the various defects in the Bill. My objections are twelve in number. The first is about the definition of the word 'improvements' and I have dealt with it. The second is about the denial of compensation for improvements to the trespassers. The third is about the definition of the class of trees known as 'trees of spontaneous growth'. The fourth is about the provision in the Bill for giving compensation for improvements. The fifth is about the calculation of improvements in the case of cocoanut trees; that is, $8\frac{1}{3}$ years' purchase value. Then about the provision made for droppings from the bearing cocoanut trees. The seventh objection is about the provision giving only 3/4th of the value of non-bearing trees which are over a year old. The eighth objection is about the provision for the value of improvements of pepper vines. The ninth objection is about the appointment of assessors for determining the value of compensation. The tenth objection is about the provision for getting the permission of courts for making improvements after the date of the decree, the eleventh is about the provision with regard to the local customs and the twelfth is about the retrospective character which is in other words expropriatory.

I have been dealing with the indefiniteness of the Bill as a whole. We legislate for the purpose of making the law clear and definite. But what we find here is a Bill which leaves many things for evidence and leaves a lot to be made clear in the course of litigation. It does not improve the situation from what it is now. For example, about the definition of the term "improvement". In the definition it is said ".. .. .. .. it must be suited to the holding"

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. P. Varghese.]

That will be a chief bone of contention between the landholder and the tenant. What appears suitable to the landholder may not appear suitable to the tenant and the result will be a prolonged litigation. Then the perpetuation of the local customs which is contained in Section 4 (*ā*). The value of the improvements, in spite of the Bill, calculated only according to the local custom will be given. Then in the case of droppings also there is nothing definite in this Bill about the percentage to be deducted. It says not less than 1/3. It is very vague. Section 8 devotes to the fragmentation of holdings into needless plots. It is also vague. It is therefore left to the court to decide whether a particular wall dividing the plot is necessary or not. When the holder divides the plot the landlord will say that it is needless especially when he has to pay for it. These are the points about the indefiniteness of the Bill. A few other points also remain to be dealt with. Of the objections which I have mentioned the denial of the value of improvements to the trespasser is against the current decisions of our courts. Trees of spontaneous growth are, according to the definition, the trees which are not assessed during the last Settlement. It is against the trend of the decisions of the High Court. The provision that the value of compensation for the conversion of paddy lands should be in accordance with the permission of the owner or the Jenmi is also against the trend of decisions of the High Court. Then, about the question of droppings, not less than 1/3 is deducted in the droppings of cocoanut trees. It is also against the trend of the decisions of the High Court.

Mr. K. P. Nilakanta Pillai : May I know whether there is any uniformity in the trend of decisions of the High Court on these points.

Mr. E. P. Varghese : On some of the points there is no uniformity. It is not possible to have a uniform trend of decisions. The question of droppings depends upon the locality and the nature of the soil.

Mr. K. P. Nilakanta Pillai: In that case may I know whether the argument developed by my honourable friend is not fanciful ?

Mr. E. P. Varghese: The point is that the Bill is attempting to legislate on a matter which it is not possible to legislate. It has not been possible for even the honourable High Court to fix this ratio of 'not less than 1/3' or otherwise. In some cases, the droppings fall much below 1/4 ; while in some other places it will be more than half. In the case of non-bearing trees our High Court has been allowing full value but this Bill provides for a reduction of 1/4 in the case of trees which are more than one year's growth.

LIBRARY ARCHIVES Kerala Legislative Assembly

That is also the trend of the decisions of the High Court. Our High Court has been uniformly allowing value of improvements after the date of the decree till the date of the delivery. That used to be determined at the time of the delivery by the execution court. Here, there is a complicating provision. You will have to apply to the court if you have to make improvements after the decree and get its permission. In short, there are six provisions in the Bill which are against the rulings of the High Court.

Mr. K. P. Nilakanta Pillai: May I know one provision of the Bill which is against the ruling of the High Court?

Mr. E. P. Varghese: Yes. In the question of granting of value of improvements to the trespassers.

Mr. K. P. Nilakanta Pillai: What kind of trespassers?

Mr. E. P. Varghese: The Act has been allowing compensation to any trespassers so long as .....

Mr. K. P. Nilakanta Pillai: May I know whether the honourable member is dealing with civil trespassers or criminal trespassers?

Mr. M. N. Paramesvaran Pillai: May I know whether the trespassers who encroach upon Government lands are also included in the Bill?

Mr. E. P. Varghese: I think the Government have fixed a period. If improvements are made after that period they will not be given compensation. Before that the High Court and other subordinate courts have ordered that compensation should be given to even trespassers on Government lands.

Mr. M. Govindan: May I know whether the fruit-bearing trees are not classed under this and whether the courts have not been awarding full compensation hitherto?

Mr. E. P. Varghese: I was only just pointing out one instance of deviation, the case of the trespassers. There are many other provisions which are not in accordance with the rulings of the High Court and which require suitable amendments. In the case of non-bearing trees, hitherto a uniform rate of value for improvements was given. But this Bill makes a reduction for trees which are more than one year old.

Then, Sir, when we legislate on such matters we must do it with a progressive view. The trend of other similar legislation was fully justifying this progressive view; for example, the Jenmi and Kudiyan Regulation. What we find here, in the case of this Bill is that it is not at all a progressive one but tries to perpetuate the evils.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai: May I know whether my honourable friend has any objection in evicting criminal trespassers?

Mr. E. P. Varghese: I have no objection.

Mr. K. P. Nilakanta Pillai: May I know whether the civil trespassers are not entitled to improvement?

Mr. E. P. Varghese: He is at times entitled and at times not entitled. There are so many conditions...

Mr. K. P. Nilakanta Pillai: What is the harm in fixing 8 1/3 years' purchase value?

Mr. E. P. Varghese: No doubt, this is a system which has been in practice for a long time in our courts. It does not seem to be quite reasonable and just, because when we purchase land we do not expect 12 per cent return from it. On the other hand the highest return that we expect is only 6 per cent from the land. But when a Jenmi goes and evicts a lessee the Jenmi wants that there should be a 12 per cent return for the money he pays towards the value of compensation. This has been the trend of the rulings. I want to point out that the originator of the Bill himself wanted to have it at 16 2/3 years' purchase value. That was just and fair. Our High Court is very reluctant to deviate from their decisions. My appeal to this House is that if it wants to legislate on this matter, it should do so for the benefit of the tenants and it should be a progressive piece of legislation. We must look to the justice of the whole case and should see whether after all we could get from land a return at 12 per cent for the money invested. There is no such land in Travancore.

Mr. Kayalam Paramesvaran Pillai: May I know whether the trend of the decisions of the High Court was unjust in respect to this?

Mr. E. P. Varghese: Yes. The trend of the decisions was unjust, rather unfair and incorrect.

Mr. G. Narayana Aiyar: Was there any protest raised against the decisions?

Mr. E. P. Varghese: There was no protest against the rulings and there was no demand for this Bill. Such is the peculiar nature of the public opinion. There has been no agitation for any Bill or against any ruling.

Mr. M. Govindan: May I know whether there was not a time when land yielded 12 per cent interest?

Mr. E. P. Varghese: Before intensive cultivation and the abnormal increase of population the return from land might have been 12 per cent. Probably in those days the judges thought that

LIBRARY ARCHIVES Kerala Legislative Assembly

it was necessary to give 8 1/3 years' purchase value. I found a case reported from a decision of the Nagercoil Court in which that Court said that 16 2/3 must be the basis.

Mr. K. P. Nilakanta Pillai What is the ruling from Nagercoil?

Mr. E. P. Varghese: It was not a ruling from Nagercoil but a judgment of the Nagercoil District Judge. It was a case from Nagercoil in which our High Court passed the final judgment.

Mr. N. Ramakrishna Pillai: May I know the decision of the High Court and may I know where it is reported?

Mr. E. P. Varghese: I will take time to refer to the books to give the details of the rulings of the Court.

President: After all, if the honourable member thinks that he cannot answer he can proceed with the discussion

Mr. E. P. Varghese: I will take some time to find out the rulings. I am only discussing the general principles.

President: In that case, go on.

Mr. E. P. Varghese: In the case of pepper vines I was saying that our High Court have been allowing only 3 1/2 years' purchase value in giving compensation. When we legislate, it is not enough that we simply follow the rulings of the High Court whether they are suitable or not to modern conditions.

Mr. G. Narayana Aiyar: May I know whether any labour is involved in the cultivation of pepper vines?

Mr. E. P. Varghese: Yes, they have to be watered, otherwise they will dry up.

Mr. G. Narayana Aiyar: How long have they to be watered?

Mr. E. P. Varghese: When they are young.

Mr. G. Narayana Aiyar: For how many months?

Mr. E. P. Varghese: During the summer season.

Mr. G. Narayana Aiyar: For how long is it?

Mr. E. P. Varghese: For three months.

Mr. G. Narayana Aiyar: Are they to be watered for one year only or for years together?

Mr. E. P. Varghese: They have to be cared for some years, say for three or four years.

Mr. M. N. Paramesvaran Pillai: May I know whether pepper vines are cultivated in Shertallai?

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese: Yes, they are. Sir, cocoanut trees also have to be watered during 3 months of the year in my taluk.

Sir, many kinds of trees subsequently found out to be of great use are also deprived of the value of improvement, *e. g.*, rubber trees, cardamoms, tea plants and mango trees. No provision is made for awarding them the value of improvements in this Bill. The reason is that mango was not assessed in the last Settlement, and so mango trees will go without any compensation. But it will be seen that the High Court was giving compensation in all these cases. There is provision for the Civil Court to find out the timber value or the fuel value of trees. But the Bill says that only in the case of trees which have been assessed at the last Settlement, compensation will be given.

Mr. M. Govindan: May I know whether tamarind trees are valued as fruit trees in Travancore?

Mr. E. P. Varghese: Yes. they are.

There are many useful trees for which our High Court has been giving compensation. Even our *elavu* is now being planted on an extensive scale for making tea-chests. So it is being reared and it is becoming costly now. Like that, we find ever so many trees such as the tamarind, portia, and laurel in respect of which the value of improvements has been given by our High Court. There was a time when rubber tree was not supposed to be so valuable as it is now. So it was not then included in the assessment

Mr. G. Narayana Aiyar: May I know the locality in which *kodappana* and tamarind trees are valued as trees for improvement.

Mr. E. P. Varghese: I can give the ruling of the High Court in which *kodappana* is given improvement. I refer to 3 T. L. T. 135, short notes, Kolappa Pillai 278 and 19 T. L. J. 156. These are the rulings in regard to *kodappana*.

Mr. M. N. Paramesvaran Pillai: Will not some trees be of wild growth in certain places?

Mr. E. P. Varghese: May be. Even in that case no provision is made regarding trees of wild growth in this Bill.

Mr. M. N Paramesvaran Pillai: Then the honourable member can make suitable amendments.

Mr. E. P. Varghese: Yes. There are fourteen Sections in this Bill and twelve need recasting. So it is better for this House to throw it out. If Government consider it necessary to bring a Bill, let them bring another properly considered and better drafted.

Mr. Komilezhathu Sankaran: May I point out that there is no such emergency, as in the case of the Agriculturists Relief Bill, to bring in legislation?

LIBRARY ARCHIVES Kerala Legislative Assembly

Mr. E. P. Varghese: I have stated that there is no agitation for any Bill on improvements.

Mr. M. Govindan: Does the member know that there is nothing of a saving clause in the Bill but that there is much injury?

Mr. M. N. Paramesvaran Pillai: Sir, is it a question? It is a matter of opinion.

President: I have not till now interfered with the flow of questions which interrupted Mr. Varghese's speech. If the honourable members have doubts, they can put them forward before the House in the course of their speeches.

Mr. E. P. Varghese: I may conclude my remarks, as I had already dealt with 9 out of the 12 objections on the prior occasion. This House must remember that we are not legislating for any community. This is a piece of legislation which affects a very large number of people of Travancore. So we should be very careful in seeing that only a progressive piece of legislation, which will be to the best interests of a vast majority of people in this State is passed. Merely because it is placed before the House, we should not spare any pains in looking carefully into this Bill. But this is a Bill which is incapable of being amended. It is to be redrafted completely. So it is better, in my opinion, to throw out this Bill and leave it to the discretion of the Government, if they think necessary, to bring in a properly redrafted Bill. This is a private Bill. If Government had drafted it, I don't think, these provisions would have been in it as they are now.

Mr. Tariatu Kunjitomman: സർ, എന്റെ മാന്യസ്നേഹിതൻ പണ്ഡിതനായ മി. രാമകൃഷ്ണപിള്ള ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിനെ എതുക്കേണ്ടിവന്നതിൽ എനിക്കതിയായ മനസ്താപമുണ്ട്. ഈ സ്റ്റേറിന്റെ ഉത്തമതാൽപര്യങ്ങളിൽ സർവപ്രധാനമായതു് കാർഷികപരിശ്രമങ്ങളെ പരിരക്ഷിച്ചു് രാജ്യത്തിനു് ഐശ്വര്യത്തെ ഉണ്ടാക്കുക എന്നുള്ളതാണു്. ഈ ബിൽ പാസ്സാകുന്നതുകൊണ്ടു് അതിനു സാരമായ പ്രതിബന്ധം വരുമെന്നുള്ളതുകൊണ്ടാണു് എനിക്കിതിനെ എതുക്കേണ്ടിവന്നതു്. സൃഷ്ടിപരമായ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്നുള്ളതു് പൗരസമ്പത്തിന്റെ ഗുണത്തിനും രാജ്യത്തിന്റെ ക്ഷേമത്തിനും അത്യാവശ്യമായിട്ടുള്ളതാകുന്നു. എല്ലാ രാജ്യങ്ങളിലും സൃഷ്ടിപരമായ കാർഷികപ്രവർത്തനങ്ങളെ പോഷിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിതു്. അതിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ ഒരു കർഷകരാജ്യമായ തിരുവിതാംകൂറിനു സാധ്യമല്ല. ഈ ബിൽ പാസ്സായാൽ തിരുവിതാംകൂർ ലോകദൃഷ്ടിയിൽ ഒരു ആക്ഷേപപാത്രമായി ഭവിക്കും.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. P. Madhavan Pillai (*Tiruvalla* cum *Pathanamtitta*): ഇന്ന ദേഹണ്ഡംകൊടുക്കുന്ന യുക വസ്തുവിന്റെ തീരുവിലയെക്കാൾ കൂടുതലാണെന്ന മെമ്പർക്കറിയാമോ?

Mr. Tariatu Kunjitomman : ഒരിക്കലുമില്ല. തീരുവിലയെക്കാൾ കൂടുതൽ ദേഹണ്ഡവില കൊടുക്കണമെന്നുണ്ടെങ്കിൽ അവർക്ക ആ വസ്തു ഒഴിപ്പിക്കാതെതന്നെ വേറെ വസ്തുക്കൾ വാങ്ങിക്കാമല്ലൊ. അതുകൊണ്ട് തീരുവിലയേക്കാൾ കുറവായ ദേഹണ്ഡവിലയാണ കൊടുത്തുവരുന്നത് എന്നുള്ളതു പ്രത്യക്ഷമാണ്. അദ്ധ്യാപകർക്ക് വിപരീതമായ ഒരു നിയമം പാസ്സാക്കുന്നതു ഈ സഭക്കു ഒരിക്കലും ഭൂഷണമല്ല. പുരോഗമിച്ചുകൊണ്ടിരിക്കുന്നതായ ഒരു രാജ്യത്തിന് യോജിക്കാത്തതായ നിയമങ്ങളും പാസ്സാക്കാൻ തുടങ്ങുമ്പോൾ അതിനെ സകല ശക്തികളും ഉപയോഗിച്ച് എതിർക്കേണ്ടതു പൊതുധർമ്മമാണ്. സ്വസ്ഥവൃത്തിയിൽ കഴിഞ്ഞുകൂടുന്ന അലസന്മാരായ ജന്മിമാരെ പ്രോത്സാഹിപ്പിയ്ക്കുകയും, വയലിലും പുരയിടത്തിലുംനിന്ന് അത്യദ്ധ്വാനംചെയ്ത് രാജ്യത്തെ ഐശ്വര്യസമൃദ്ധമാക്കിത്തീർക്കുന്ന യഥാർത്ഥകർഷകനെ അധഃപതിപ്പിക്കുകയും ചെയ്യുന്നതിനു പര്യാപ്തമായ ഈ നിയമത്തെ എങ്ങനെ അനുകൂലിക്കാൻ കഴിയും? ഇവിടെ അവർക്ക് സ്വരമില്ല. അവർ നികുതിദായകന്മാരല്ലാത്തതുകൊണ്ട് അവരെ പ്രതിനിധീകരിക്കാൻ ഇവിടെ ആരെയും തെരഞ്ഞെടുത്തിട്ടില്ല. "ദുർബലസ്യ ബലം രാജാ" എന്ന മഹത്വാക്യമനുസരിച്ച് അവരെ രക്ഷിക്കേണ്ടതു ഗവണ്മെന്റിന്റെ ഒരു ഒഴിച്ചുകൂടാൻവയ്യാത്ത കടമയാകുന്നു. എന്നാൽ ഈ ദേഹണ്ഡക്കാരായ കർഷകർ നികുതിദായകരല്ല എന്നു ഖണ്ഡിച്ച് പറയുവാനും ന്യായമില്ല. ഈ രാജ്യത്തെ സകല ഐശ്വര്യങ്ങളുടെയും അസ്തിവാരം ഇവരിലാണു സ്ഥിതിചെയ്യുന്നതു്. ഗവണ്മെന്റിന്റെ ഭണ്ഡാഗാരത്തെ പോഷിപ്പിക്കുന്നതും ഇവരത്രേ. ഭൂനികുതിയല്ലാതെ ൪൦ ലക്ഷം രൂപായോളംവരുന്ന ഒരു നികുതി നമ്മുടെ രാജ്യത്തുണ്ട്. ആ വരുമാനം നിലങ്ങൾ ഉഴുതും പുരയിടങ്ങൾ കിളച്ചും കാർഷികവൃത്തമാണു കൊടുക്കുന്നതു്. ഞാൻ പറഞ്ഞതു കയറുമതിത്തീരുവയെപ്പറ്റിയാണ്. ചുക്ക, കുരുമുളക്, തേങ്ങാ, റബ്ബർ ഇവക്കെല്ലാം കയറുമതിത്തീരുവയുണ്ട്. അതു് ഭൂമിയുടമസ്ഥന്മാരിൽനിന്നുമല്ല കിട്ടുന്നതു്.

മനോഹരമായ വൃക്ഷലതാദികളാൽ നിബദ്ധമായതും, സൌകുമാര്യമായ ഭൂപ്രകൃതിയോടുകൂടിയതുമായ ഈ രാജ്യത്തിനു ഇൻഡ്യയുടെ അരാ

LIBRARY ARCHIVES Kerala Legislative Assembly

മമെന്ന പ്രശസ്തനാമത്തെ അനാവശ്യമാക്കി അനേകം വിദേശികളെ ആകർഷിക്കത്തക്കവണ്ണം പരിരക്ഷിച്ചുകൊണ്ടിരിക്കുന്നത് ഈ രാജ്യത്തെ കഷ്കവൃന്ദമാണെന്നുള്ളതു് ആക്ഷേപവിസമ്മതിക്കാവുന്ന ഒന്നല്ല. അവരെ നിരാശാഭരിതരാക്കി അവരുടെ സ്ഥലങ്ങളെ ഉപേക്ഷിച്ചു് റോഡിൽ അലഞ്ഞുതിരിയിപ്പാനിടവരുത്തുന്ന ഒരു പദ്ധതിയാണു് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ അന്തർഭവിച്ചിരിക്കുന്നതു്. ഇവിടത്തെവനങ്ങളിൽ ഘോരസർപ്പങ്ങളും ക്രൂരജന്തുക്കളും പാർക്കുന്നു. അവയെപ്പോലും സഹചരന്മാരായി താമസിക്കുന്നതിനു അനുവദിച്ചിട്ടു് ഈ രാജ്യത്തെ ഐശ്വര്യപ്രദമാക്കിത്തീർക്കുന്നതിനു് അക്ഷീണം അദ്ധ്വാനിക്കുന്ന കർഷകവൃന്ദങ്ങളെ—സാധുബ്രാഹ്മണികളെ-അവരുടെ വാസസ്ഥലത്തുനിന്നും അടിച്ചു പുറത്താക്കുക എന്നുവന്നാൽ അതു് എത്രയോ പരിതാപകരമായിരിക്കും. ഇവിടത്തെ ഭണ്ഡാഗാരം പോഷിപ്പിക്കുന്ന സാധുക്കൾക്കു വാസസ്ഥലംകൊടുത്തു് അവരെ പരിരക്ഷിക്കാൻ ഗവണ്മെൻറിനു സാധിക്കുന്നില്ലെങ്കിൽ അതിനെക്കാൾ ഭയങ്കരമായ ഒരു സംഗതി ഈ ധർമ്മരാജ്യത്തു വരുവാനുണ്ടോ?

ഈ ബില്ലിലെ ഓരോ വകുപ്പും അല്പസന്മാരായ ജന്മികളെ പ്രോത്സാഹിപ്പിക്കുന്നതും, അദ്ധ്വാനികളായ കർഷകരെ നിസ്സഹായരാക്കുന്നതുമാണു്. ഇതിലെ മൂന്നാം വകുപ്പുതന്നെ വളരെ ഭയങ്കരമായിരിക്കുന്നു കാരണപ്രകാരമുള്ള ദേഹണ്ഡങ്ങൾക്കു പ്രതിഫലം കിട്ടുമെന്നു വിശ്വസിച്ചാണു് അനേകായിരം കൃഷിക്കാർ ഭൂമിയിൽ ദേഹണ്ഡം ചെയ്യുന്നതു്. ഇങ്ങനെയിരിക്കുമ്പോൾ കാരണമില്ലാത്ത ദേഹണ്ഡങ്ങൾക്കു വിലകൊടുക്കുകയില്ലെന്നു പറയുകയാണെങ്കിൽ അതു വളരെ സങ്കടകരമായിരിക്കും. അതുപോലെതന്നെ ഗവണ്മെൻറു കരം പതിച്ചിട്ടില്ലാത്ത വൃക്ഷങ്ങൾക്കും ദേഹണ്ഡം കൊടുക്കുകയില്ലെന്നു പറയുന്നു. റബ്ബർ, ഞാഞ്ഞിലി, മാവു മുതലായവ കരം പതിച്ചിട്ടില്ലാത്ത വൃക്ഷങ്ങളാണു്. ഇവക്കും ദേഹണ്ഡം കൊടുക്കുകയില്ലെന്നു പറയുന്നതു് ന്യായമായിരിക്കുമോ? ഇഷ്ടസിദ്ധിക്കാണു കർമ്മം ചെയ്യുന്നതു്. അതിന്റെ ഫലം അനിഷ്ടമായാൽ എന്താണു ചെയ്യുക? കർഷകരെ ഏതാണ്ടു് അശ്വസിപ്പിക്കുന്ന ഒരു നിയമം നാം പാസ്സാക്കിക്കഴിഞ്ഞു. ആ ആനുകൂല്യത്തെ നശിപ്പിക്കുന്ന തരത്തിലുള്ള ഒരു നിയമമാണിതു്. വലതു കൈകൊണ്ടു കൊടുത്തതിനെ ഇടതുകൈകൊണ്ടു് തിരിച്ചെടുക്കുക എന്നുള്ളതു് എത്ര പരിതാപകരമായിരിക്കും? ലോകത്തു് എവിടെയും തൊഴിലിനെ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ രാജ്യത്തെ തൊഴിൽ കൃഷിയാണു്. അതിൽനിന്നും ശരിയായ ന്യായം ലഭിക്കുന്നുമില്ല. തിരുമനസ്സിലെ നാനാജാതിമതസ്ഥരായ അനേ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

കായിരം വാത്സല്യപ്രജകളം മരുഭൂമികളെ കൃഷിചെയ്തു ഐശ്വര്യസമൃദ്ധിയാക്കിത്തീർത്തുകൊണ്ടിരിക്കുമ്പോൾ അവരെ അവിടെനിന്നും അടിച്ചു പുറത്താക്കുകയെന്നുള്ളതു് ഒരിക്കലും ഭൂഷണമല്ല. ഇങ്ങനെയുള്ള പ്രവർത്തികൾ കമ്മ്യൂണിസത്തിനെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ളതാകുന്നു. ജീവിതത്തിൽ ആശയില്ലാത്തവർ എന്തു ചെയ്യാനും മടിക്കയില്ല. ഇങ്ങനെയുള്ള പ്രവർത്തികൾകൊണ്ടാണു് ബോൾഷെവിസം മുതലായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുള്ളതു്. സാക്ഷാൽ കൃഷിക്കാരനു ദോഷത്തെ ചെയ്യുന്ന ഒരു നിയമം ഗവണ്മെൻറു് ഒരിക്കലും പാസാക്കാൻപാടില്ല. ഇങ്ങനെ ഒരു നിയമം വേണമെന്നു ജനസഞ്ചയത്തിൻെറയിടയിൽനിന്നു ഒരിക്കലും ഒരഭിപ്രായവും പുറപ്പെട്ടിട്ടില്ല. ഈ രാജ്യം ഇൻഡ്യയിൽ വിദ്യാഭ്യാസത്തിൽ ഉപരിനിലയെ പ്രാപിച്ചിട്ടുള്ള ഒന്നാണു്. അനേകം വർത്തമാനപ്പത്രങ്ങളും, സാമുദായിക സംഘങ്ങളും, പൊതുജനസംഘങ്ങളും, കാർഷികസംഘങ്ങളും ഇവിടെ നിലവിലിരിക്കുന്നുണ്ടു്. ഇങ്ങനെയുള്ള സംഘങ്ങളിൽനിന്നോ പൊതുജനനാവായ വർത്തമാനപ്പത്രങ്ങളിൽനിന്നോ ഇങ്ങനെ ഒരു നിയമത്തിൻെറ ആവശ്യമുണ്ടെന്നു വെളിപ്പെടുത്തിയിട്ടില്ല.

Mr. M. P. Madhavan Pillai: ശ്രീമൂലം പ്രജാസഭ നടന്ന കാലത്തു ഇങ്ങനെ ഒരു നിയമം പാസ്സാക്കണമെന്നുള്ള നിവേദനം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ?

Mr. Tariatu Kunjitomman: ഉണ്ടായിരിക്കാം.

Mr. J. John Kattakayam: ഈ ബില്ലിനെ പ്രതിഷേധിച്ചു അനേകം മഹായോഗങ്ങൾ കൂടിയിട്ടുള്ളതായി മെമ്പർക്കറിയാമോ?

Mr. Tariatu Kunjitomman: അനേകം യോഗങ്ങൾകൂടിയിട്ടുണ്ടു്. എന്നാൽ ഈ ബില്ലിനെ അനുകൂലിച്ചു് ഒരു യോഗവും നടന്നതായി പത്രപ്രസ്താവനകളിൽ കാണുന്നില്ല.

Mr. J. John Kattakayam: ഈ ബില്ലിനെ പ്രതിഷേധിച്ചു് അനേകം മെമ്മോറിയലുകൾ സമർപ്പിച്ചിട്ടുള്ളതായി മെമ്പർക്കറിയാമോ?

Mr. Tariatu Kunjitomman: അറിയാം. രാജ്യത്തിൻെറ എല്ലാഭാഗങ്ങളിലുമുള്ള നാനാജാതിമതസ്ഥരായ ജനങ്ങൾ മഹായോഗങ്ങൾകൂടി 'ഈ നിയമത്തിൻെറ വായിൽനിന്നും ഞങ്ങളെ രക്ഷിക്കണേ' എന്നുള്ള വിലാപസ്വരം ഐകകണ്ഠ്യേന മുഴക്കുകയും, അവരുടെ സങ്കടം

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയത്രുപേണ ഗവണ്മെൻറിലേക്കു സമർപ്പിക്കുകയും ചെയ്തു. ഇതൊക്കെ ഗവണ്മെൻറിനു ബോദ്ധ്യമുള്ള കാര്യമാണു്. ഒരു ഡെപ്യൂട്ടേഷൻ പോയി. ഈ ബില്ലിനു വിപരീതമായ ഒരന്തരീക്ഷമാണു് തിരുവിതാംകൂർ ആസകലം ഉണ്ടായിട്ടുള്ളതു്. കുറെ വ്യക്തികൾക്കു ഇതുകൊണ്ടു ഗുണമുണ്ടെങ്കിൽ അനേകലക്ഷം ജനങ്ങൾക്കു ദോഷമാണു്. ഇങ്ങനെ ഏതാനും ചില വ്യക്തികളുടെ ഗുണത്തെ ഉദ്ദേശിച്ചു് പുരോഗമിച്ചുകൊണ്ടിരിക്കുന്ന അനേകം സഹസ്രം ജനങ്ങളെ അധഃപ്പതിപ്പിക്കത്തക്കവണ്ണമുള്ള ഒരു നിയമം നടപ്പിൽവരുത്താൻ ഗവണ്മെൻറു ഒരിക്കലും ഇടയാക്കരുതു്. നാഗരീകമുള്ള ജനസഞ്ചയം അവരുടെ അഭിലാഷങ്ങളെ വ്യവസ്ഥാപരിതമായ മാർഗ്ഗങ്ങളിൽക്കൂടി ഗവണ്മെൻറിനെ അറിയിച്ചുകൊണ്ടിരിക്കയാണു്.

Mr. K. P. Nilakanta Pillai : ബില്ലിലെ ഏതു തത്വത്തെ ആസ്പദമാക്കിയാണു മെമ്പർ സംസാരിക്കുന്നതു്?

Mr. Tariatu Kunjitomman : ഈ ബില്ലുമുഴുവനും കർഷകജനങ്ങൾക്കു ദോഷമായിട്ടുള്ളതാണെന്നുള്ളസ്വരം പത്രങ്ങളിലും മറ്റു സ്ഥലങ്ങളിലും മുഴങ്ങുന്നു. ആ സങ്കടത്തെ ഈ കൌൺസിൽവഴി ജനസഞ്ചയം അറിയിക്കുന്നു.

Mr. J. John Kattakayam : ഈ ബില്ലിലെ ഫർ വകുപ്പുകളിൽ ഫസ്റ്റ വകുപ്പുകളും ദോഷകരമാണെന്നു മെമ്പർക്കറിയാമോ?

Mr. Tariatu Kunjitomman : എല്ലാം ദോഷമാണെന്നു പറഞ്ഞുകഴിഞ്ഞു. ഉദാഹരണമായി ഒരു വകുപ്പിനെ എടുത്തു തുടർന്നുസംസാരിക്കുകയാണു്. ഓരോ ബില്ലും വരുമ്പോൾ അതിനെപ്പറ്റി വേണ്ട അന്വേഷണം നടത്താറുണ്ടു്. കർഷകാശ്വാസ ബില്ലു് കൊണ്ടുവരുന്നതിനുമുൻപു് ഈ രാജ്യംഒട്ടുക്കു ചുറ്റിസഞ്ചരിച്ചു ജനഹിതമറിയുകയുണ്ടായി.

Mr. J. John Kattakayam : അങ്ങനെ കൊണ്ടുവന്ന ബില്ലിനെയും പ്രതിഷേധിക്കുവാൻ ആളുകൾ ഉണ്ടായിരുന്നില്ലേ?

Mr. Tariatu Kunjitomman : ഉണ്ടായിരുന്നു.

യാതൊരന്വേഷണവും നടത്താതെ സാധുക്കളായ അധ്വാനികളുടെ അധ്വാനത്തിനു പ്രതിഫലം കൊടുക്കാതിരിക്കാനുള്ള ഒരു നിയമമാണു് ഇപ്പോൾ പാസ്സാക്കാൻ തുടങ്ങുന്നതു്. ഇങ്ങനെ ഒരുബിൽ പാസാക്കുന്നതു് ഈ രാജ്യത്തിനുതന്നെ കളങ്കമായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

Mr. M. P. Madhavan Pillai : വസ്തു ഉടമസ്ഥരായ ജന്മി മാക്ക് യാതൊരുതരത്തിലും മിച്ചവാരംപോലും കൊടുക്കാത്തകൃഷിക്കാർ ഇല്ലേ?

Mr. Tariatu Kunjitomman : മിച്ചവാരം ഗവണ്മെൻറു പിരിച്ചെടുത്തു കൊടുക്കണമെന്നാണല്ലൊ വ്യവസ്ഥ.

അതിനാൽ ഒരു കമ്മിറ്റിരൂപീകരിച്ച് വേണ്ട അന്വേഷണങ്ങൾ നടത്തി ഈ ബില്ലിനെപ്പറ്റിയുള്ള ജനഹിതം അറിയേണ്ടതായിരുന്നു

Mr. E. P. Varghese : ജനഹിതം ഈ ബില്ലിനു വിപരീതമാണെന്നു വെളിപ്പെടുത്തിയിട്ടില്ലേ?

Mr. Tariatu Kunjitomman: ഉണ്ട്.

ജന്മിമാരും കുടിയാന്മാരുംതമ്മിലുള്ള ബന്ധത്തെ നിർണ്ണയിക്കുന്നതിനും 12 വർഷത്തിനുമുൻപുതന്നെ ഒരു കമ്മറ്റി ഏർപ്പെടുത്തി. ആ കമ്മറ്റി രാജ്യംമുഴുവനും സഞ്ചരിച്ചു മൊഴിവാങ്ങി. അതിനുശേഷം ഈ ബിൽ കൊണ്ടുവരികയും ആ ബിൽ രണ്ടുതവണ സെലക്ട്കമ്മറ്റിക്കയയ്ക്കുകയുംചെയ്തു.

Mr. J. John Kattakayam: ജന്മികുടിയാൻ കമ്മിറ്റിയിൽ മെമ്പറും ഒരംഗമായിരുന്നില്ലേ?

Mr. Tariatu Kunjitomman : ആയിരുന്നു. ഇങ്ങനെ രണ്ടു കമ്മിറ്റിയുടെ അന്വേഷണഫലമായിട്ടാണ് ഐശ്വര്യമുണ്ടെന്നു വിചാരിക്കുന്ന കുടിയാന്മാരുടെ കായ്യം തീരുമാനിക്കപ്പെട്ടത്. ആ സ്ഥിതിക്ക് ഐശ്വര്യമില്ലാത്ത ദരിദ്രരുടെ കായ്യത്തിൽ ഇങ്ങനെ യാതൊരന്വേഷണവും നടത്താതെ അവരെ തേജോവധം ചെയ്യത്തക്കവിധത്തിൽ ഒരു ബിൽ കൊണ്ടുവന്നു പാസാക്കുക എന്നുള്ളതു് എത്ര കഷ്ടമായിരിക്കും? ഞാൻ മുൻപു പറഞ്ഞതുപോലെ അവരുടെ കായ്യം വാദിക്കാൻ ഇവിടെ ആളില്ല. പൊതുയോഗങ്ങൾകൂടാൻതന്നെ അവക്ക് അറിഞ്ഞുകൂടാ. തീരെ നിവൃത്തിയില്ലാത്തതുകൊണ്ട് അവരിപ്പോൾ ഇളകിയിരിക്കുകയാണ്. ഇതിനെപ്പറ്റി വേണ്ട അന്വേഷണം നടത്തി വേണമെങ്കിൽ ഗവണ്മെൻറിനുതന്നെ ഒരു ബിൽ കൊണ്ടുവരാമായിരുന്നു. ഇതുനിമിത്തം ഈ ധർമ്മരാജ്യത്തു വലുതായ ഒരു അപവാദം വരാൻ പോകയാണ്. ഗവണ്മെൻറ് പ്രജകൾക്കു വേണ്ട രക്ഷചെയ്യണം. ഇവരെ അവരുടെ താമസസ്ഥലത്തുനിന്നും അടിച്ചുപുറത്തിറക്കിയാൽ അവർ

LIBRARY ARCHIVES Kerala Legislative Assembly

എവിടെ പോകും? ഈ രാജ്യത്തെ റിസവ്വിനകത്തു് അവക്കു താമസിക്കാൻ സ്ഥലം കൊടുക്കത്തക്കവണ്ണം വല്ല വ്യവസ്ഥയും ഈ ബില്ലിൽ ഉണ്ടായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. റിസവ്വിനകത്തു കയറിയാൽ ഫാറസ്റ്റ് ഗാർഡ് ഇവരെ അടിച്ചോട്ടിക്കയും ജയിലിലാക്കുകയും ചെയ്യും. വലിയ ഭൂസ്വത്തുടമസ്ഥന്മാരുടെ പുരയിടങ്ങളിലാണു് ഇവർ ഇപ്പോഴും കിടക്കുന്നതു്. തിരുമനസ്സിലെ വാത്സല്യപ്രജകളെ, ഈ രാജ്യത്തെ ഭണ്ഡാഗാരം പോഷിപ്പിക്കുന്ന പ്രജകളെ, താമസസ്ഥലത്തുനിന്നും അടിച്ചിറക്കി അലഞ്ഞുതിരിയാൻ അനുവദിക്കുന്നപക്ഷം ഈ രാജ്യത്തിന്റെ ഐശ്വര്യസ്ഥിതിവാരം തകർന്നുപോകും. ഭേഹണ്ഡികളിലാണു രാജ്യം അടിയുറച്ചിരിക്കുന്നതു്. നാട്ടിന്പുറങ്ങളിൽ താമസിക്കുന്നവക്കു വിദ്യാഭ്യാസമില്ല. അവർ വെട്ടുകത്തിയും മൺവെട്ടിയുമെടുത്തു ജീവിതം കഴിക്കുന്നവരാണു്. എനിക്കവരുടെ സങ്കടത്തിന്റെ സ്വഭാവം നേരിട്ടറിയാം.

Mr. Kayalam Parameswaran Pillai: ഇപ്പോഴം നിലവിലിരിക്കുന്ന നിയമമനുസരിച്ചു ഭേഹണ്ഡക്കാരെ പുറത്തിറക്കുവാൻ നിവൃത്തിയില്ലെന്നാണോ മെമ്പർ പറയുന്നതു്?

Mr. Tariatu Kunjitomman: ഇപ്പോഴത്തെ നിയമപ്രകാരം അവരെ പുറത്തിറക്കിയാൽ ന്യായമായ ഭേഹണ്ഡം അവർക്കു കിട്ടും. പത്തേക്കർ ഭേഹണ്ഡിച്ചിട്ടുള്ള ഒരുവനെ ഒഴിപ്പിക്കുമ്പോൾ രണ്ടേക്കർ സ്ഥലം അവനു സ്വന്തമായി വാങ്ങിക്കത്തക്കവിധത്തിലുള്ള ഭേഹണ്ഡം അവനു കിട്ടും.

Mr. J. John Kattakayam: ഭൂമിയിൽ ബലമായി പ്രവേശിച്ചാൽതന്നെയും ഭേഹണ്ഡം അനുവദിച്ചുകൊടുക്കാറില്ലേ?

Mr. Tariatu Kunjitomman: ബലമായിട്ടു് ആരും പ്രവേശിച്ചു് ഭേഹണ്ഡം നടത്താറില്ല. സൂചികടത്താൻ സ്ഥലം കൊടുത്താൽ തുമ്പ കടത്താൻ ധനവാന്മാക്കു കഴിയും. എന്നാൽ സാധു കർഷകരുടെ സ്ഥിതി നേരെ മറിച്ചാണു. തുമ്പകടത്താൻ പഴുതുകൊടുത്താൽ സൂചികടത്താൻപോലും അവർ ശക്തരല്ല. സർവ്വപ്രജകൾക്കും ന്യായം നടത്തണമെന്നുള്ളതാണു മഹാരാജാവു തിരുമനസ്സിലെ തിരുവുള്ളം.....

Mr. Kochikal P. Balakrishnan Tampi On a point of order, Sir; the member is dragging in the name of the King.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai: മെമ്പറുടെ പ്രസംഗം ഈ ബില്ലുമായിട്ട വല്ല സാംഗത്യവുമുണ്ടോ?

Mr. Tariatu Kunjitomman: ഈ ചോദ്യത്തിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. അനേകം ജനങ്ങൾക്കു സങ്കടമുണ്ടാകുന്ന ഒരു സംഗതിയെപ്പറ്റി വല്ലതും രണ്ടുവാക്കു പറഞ്ഞുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളാമെന്നാണു വിചാരിക്കുന്നതു്. ബ്രിട്ടീഷ് പാർലമെന്റിൽതന്നെ ഐർലണ്ടുകാക്കു ദോഷകരമായ ചില വ്യവസ്ഥകൾ വന്നപ്പോൾ, അവരുടെ പ്രതിനിധികൾ കുറവായിരുന്നുവെങ്കിലും അവരുടെ ന്യായത്തെ വിശദീകരിച്ചു വേണ്ടിടത്തോളം സംസാരിച്ചു. അതുപോലെയൊരു സന്ദർഭമാണിവിടെ ഇപ്പോൾ വന്നിരിക്കുന്നതു്. ജനങ്ങളുടെ സങ്കടം മുഴുവനും എന്നെപ്പോലെയുള്ള ചിലർവേണം ഇവിടെ പറഞ്ഞു മനസ്സിലാക്കാൻ. എന്റെ പ്രസംഗം ഈ ബില്ലുമായിട്ടു ഒരു സാംഗത്യവുമില്ലെന്നു പറയുന്നതു തന്നെ അസാംഗത്യമാണു.

Mr. N Ramakrishna Pillai: ഈ ബില്ലുകൊണ്ടു വരുന്ന ദോഷങ്ങളിൽ ഒന്നുരണ്ടെണ്ണം പറയാമോ?

Mr. Tariatu Kunjitomman: മൂന്നാലെണ്ണം ഞാൻ പറഞ്ഞുകഴിഞ്ഞു. കരം പതിയാത്ത വൃക്ഷങ്ങൾക്കു് ദേഹണ്ഡമില്ലെന്നുള്ളവകുപ്പുതന്നെദോഷമാണു്.

Mr. Kayalam Parameswaran Pillai: കരം പതിയാത്ത വൃക്ഷങ്ങൾക്കു ദേഹണ്ഡവിലകൊടുക്കാൻ പാടില്ല എന്നു വ്യവസ്ഥയില്ല.

Mr. Tariatu Kunjitomman: താനേ വളരുന്നവൃക്ഷങ്ങൾക്കു ദേഹണ്ഡവിലയില്ലെന്നു പറഞ്ഞിട്ടുണ്ടു്. കരം പതിയാത്ത വൃക്ഷങ്ങൾക്കു ദേഹണ്ഡംകിട്ടണമെങ്കിൽ അതു ദേഹണ്ഡിച്ചതാണെന്നു തെളിയിക്കണം. വേറെയൊന്നിനും സമയം കിട്ടാതെ ദേഹണ്ഡിച്ചുകൊണ്ടിരിക്കുന്നവനു (ദിവസവും അധ്വാനിച്ചുകൊണ്ടിരിക്കുന്നവനു്) ഇതു് കോടതിയിൽപോയി തെളിയിക്കുവാൻ സാധിക്കുമോ?

Mr. M. N. Parameswaran Pillai: വസ്തുവിൽനിന്നു ആദായം എടുത്തുകൊണ്ടിരിക്കുന്നവർക്കു അതുതെളിയിക്കുവാൻ സൌകര്യമല്ലേ?

Mr. Tariatu Kunjitomman: എന്താണാദായമുള്ളതു്? സാധുക്കളുടെ സ്ഥിതി നാട്ടിൻപുറങ്ങളിൽ ചെന്നാൽ അറിയാം.

Mr. M. N. Parameswaran Pillai: സാധുക്കൾ എന്നു പറയുന്നതു ജന്മിമാരെയോ കൃഷിക്കാരെയോ?

Mr. Tariatu Kunjitomman: അതു വ്യക്തമാണു്. ബുദ്ധിയില്ലാത്തവരും സ്വത്തില്ലാത്തവരും അധ്വാനം ചെയ്യുമാത്രം ജീവിതം കഴിച്ചുകൂട്ടുന്നവരാണു്

LIBRARY ARCHIVES Kerala Legislative Assembly

Mr. Kayalam Paramesvaran Pillai: താനെ ഉണ്ടാകുന്ന വൃക്ഷങ്ങൾക്കു ഇപ്പോൾ ദേഹണ്ഡവില കൊടുക്കണമെന്നുണ്ടോ?

Mr. Tariatu Kunjitomman : എന്തായാലും പ്രതിഫലംകിട്ടാതെ വസ്തു ഒഴിഞ്ഞുകൊടുക്കണമെന്ന വ്യവസ്ഥയില്ല.

Mr. Kayalam Paramesvaran Pillai: താനെയുണ്ടാകുന്ന വൃക്ഷങ്ങൾക്കു ദേഹണ്ഡവില കൊടുക്കണമെന്നാണോ ഇപ്പോഴത്തെ ചട്ടം?

Mr. Tariatu Kunjitomman : വിറകുവില കൊടുക്കണമെന്നുണ്ട്.

Mr. J. John Kattakayam : ഈ ബില്ലിൽ ക്ലാസ്സ് നം(ഇ) യുടെ വിവരണത്തിൽ കഴിഞ്ഞ കണ്ടെഴുത്തുകാലത്തു ഏതെങ്കിലും കരം ചുമത്തിയിട്ടില്ലാത്ത ഏതെങ്കിലും തരം വൃക്ഷങ്ങളെ വിപരീതമായി തെളിയിക്കുന്നതുവരെ ആ പ്രദേശത്തിലെ സ്വയമേവ വളരുന്ന വൃക്ഷങ്ങളുണ്ടെന്നില്ലയോ?

Mr. Tariatu Kunjitomman : ഉണ്ട്, കരം പതിയാത്തവയെല്ലാം താനെ വളരുന്നവയായിട്ടു ഗണിക്കണമെന്നാണ് വ്യവസ്ഥ അങ്ങിനെയല്ല ദേഹണ്ഡിച്ചവയാണ് എന്നു കേസുകൊടുത്തു നല്ലവക്കീലിനെ ഏർപ്പെടുത്തി തെളിയിക്കേണ്ട ഭാരം ഈ സാധു ദേഹണ്ഡിയിലാണ് ഇരിക്കുന്നതു്. ഇല മുള്ളിൽ വീണാലും മുള്ളു് ഇലയിൽ വീണാലും ഇലക്കാണ് ദോഷം. ഈ തരത്തിൽ ദേഹണ്ഡക്കാരനാണ് ദോഷം മുഴുവനും. ആഞ്ഞിലിമുതലായ വൃക്ഷങ്ങൾ ഉണ്ടായാൽ അതിന്റെ ചുവട്ടിൽ മറെറാന്നുംതന്നെ ഉണ്ടാവുകയില്ല. അതുകൊണ്ടു കൃഷിക്കാർ മിക്കവാറും അങ്ങിനെയുള്ള വൃക്ഷങ്ങൾ ഉണ്ടാവാൻ അനുവദിക്കുകയില്ല. ആ സ്ഥിതിക്കു അങ്ങിനെയുള്ള വൃക്ഷങ്ങൾ കണ്ടുകഴിഞ്ഞാൽ അതു ദേഹണ്ഡക്കാരൻ നട്ടുപിടിപ്പിച്ചതാണെന്നുവേണം വിചാരിക്കാൻ.

Mr. N. Ramakrishna Pillai: ജന്മിക്കാവശ്യമില്ലാത്തവൃക്ഷം നട്ടുപിടിപ്പിക്കുന്നതു് ശരിയാണോ?

Mr. Tariatu Kunjitomman : ജന്മിക്കാവശ്യമില്ലാത്തതു് ഒരിക്കലും നട്ടുപിടിപ്പിക്കയില്ല. അനുഭവപരിഹാരത്തിനും ഉദ്ദേശമില്ലാതെ എവിടെയെങ്കിലും കർമ്മം ചെയ്യാറുണ്ടോ? അവനവന്റെ പരിശ്രമത്തിനു ഫലം കിട്ടണം. റബ്ബർ താനെ ഉണ്ടാകുന്നതല്ല. വേലികെട്ടി സൂക്ഷിച്ചില്ലെങ്കിൽ കന്നുകാലി അതൊക്കെതിന്നുന ശിപ്പിക്കും.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kayalam Paramesvaran Pillai റബ്ബറിനു ഡോണ്ടം കൊടുക്കേണ്ട എന്നു പറഞ്ഞിട്ടുണ്ടോ?

Mr Tariatu Kunjitomman. റബ്ബറിനു കൊടുക്കേണ്ട എന്നു പറഞ്ഞിട്ടില്ല. പക്ഷെ, കരം പതിയാത്ത വൃക്ഷങ്ങൾക്കു ഡോണ്ടം കൊടുക്കയില്ല എന്നു പറഞ്ഞിട്ടുണ്ട്.

Mr. Kayalam Paramesvaran Pillai: കരം പതിയാത്ത വൃക്ഷങ്ങൾക്കു ഡോണ്ടം കൊടുത്തുകൂടാ എന്നു ബില്ലിലുണ്ടോ?

Mr. Tariatu Kunjitomman അതു താനെ വളരുന്നതല്ലെന്നു തെളിയിച്ചാൽ മാത്രമേ ഡോണ്ടം കിട്ടുകയുള്ളൂ.

Mr Kayalam Paramesvaran Pillai: ബില്ലിൽ അപ്പോൾ റബ്ബറിന് ഡോണ്ടുവില കൊടുക്കണമെന്നു വരുന്നില്ലെ?

Mr. Tariatu Kunjitomman: അതു തെളിയിക്കേണ്ട ഭാരം ക്രൂടിലുണ്ടല്ലോ.

Mr. Kayalam Paramesvaran Pillai: അങ്ങിനെ തെളിയിച്ചാൽ റബ്ബറിനു ഡോണ്ടുവില കിട്ടുകയില്ലെ?

Mr Tariatu Kunjitomman: അതു റബ്ബറിനുമാത്രമല്ല എല്ലാത്തിനും കിട്ടും, അതു തെളിയിക്കേണ്ട ഭാരം സാധു ഡോണ്ടിയിൽ വച്ചിരിക്കുന്നു.

Mr. M. N. Paramesvaran Pillai: അപ്പോൾ തെളിവുഭാരത്തെപ്പറ്റിയുള്ള തർക്കമാണോ മെമ്പർക്കുള്ളതു?

Mr Tariatu Kunjitomman എന്റെ പ്രസംഗം കേട്ടുകൊണ്ടിരുന്നിട്ടും എന്റെ മാന്യസ്നേഹിതൻ ഇങ്ങനെയൊരു ചോദ്യം ചോദിച്ചതിൽ ഞാൻ അതിശയിക്കുന്നു.

കോടതിയിൽ പോയാലുള്ള സ്ഥിതി വളരെ പരിതാപകരമാണു്.

Mr. J. John Kattakayam: തെളിവുഭാരം ഡോണ്ടുക്കാരനിൽ വച്ചാലും അവനെക്കൊണ്ടു അതു് തെളിയിക്കാൻ സാധിക്കുമോ?

Mr Tariatu Kunjitomman: ഒരിക്കലും സാധിക്കുകയില്ല.

Mr. E. P. Varghese: കുരുമുളകു മുതലായവ താനെ ഉണ്ടായതാണോ എന്നു തെളിയിക്കേണ്ട ആവശ്യമുണ്ടോ?

Mr. Tariatu Kunjitomman: കരം പതിച്ചിട്ടുള്ള ഡോണ്ടുങ്ങൾക്കു വിലകിട്ടും. അല്ലാത്തവക്കു കിട്ടുകയില്ല. കരം പതിഞ്ഞിട്ടു്

LIBRARY ARCHIVES Kerala Legislative Assembly

ള്ളവയെക്കാം കൂടുതൽ ആദായം ഉള്ളതും, കൂടുതൽ സംരക്ഷിക്കേണ്ട തും ചിലപ്പോൾ കരം പതിഞ്ഞിട്ടില്ലാത്ത ദേഹണ്ഡങ്ങളായിരിക്കും.

Mr. E. P. Varghese : കരമുള്ളകിനു ഉരമുണ്ടോ?

Mr. Tariatu Kunjitomman : കയറരുമതി തീരുവയുണ്ട്.

Mr. Kayalam Parameswaran Pillai : ദേഹണ്ഡിച്ചുണ്ടാക്കുന്ന റബ്ബറാണെങ്കിൽ അതു തെളിയിച്ചാൽ ദേഹണ്ഡവില കിട്ടുന്നുണ്ടോ?

Mr. Tariatu Kunjitomman : കിട്ടുന്നുണ്ടായിരിക്കാം. ലാമെമ്പർ ആവശ്യമില്ലാത്ത അനാവശ്യ ബില്ലുകൾ ഇവിടെ കൊണ്ടുവരുന്നു എന്നാണ് ജനസഞ്ചയത്തിന്റെ അഭിപ്രായം. എന്നാൽ ഇങ്ങനെയുള്ള ദേഹണ്ഡങ്ങൾക്കു രക്ഷ കിട്ടാൻ തക്കവണ്ണമുള്ള ഒരു ബിൽ കൊണ്ടുവരാൻ ശ്രമിക്കാണിക്കുന്നില്ല.

Mr. K. P. Nilakanta Pillai: തെങ്ങിനും കമുകിനും ദേഹണ്ഡം തെളിയിക്കാതെ കിട്ടുമോ?

Mr. Tariatu Kunjitomman : കിട്ടും എന്നാൽ റേറു മാത്രം തെളിയിക്കണം.

Mr. K. P. Nilakanta Pillai : ഇപ്പോൾ നിലവിലിരിക്കുന്ന നിയമപ്രകാരം ദേഹണ്ഡം തിട്ടപ്പെടുത്താൻ കമ്മീഷണരെ നിശ്ചയിച്ചാൽ അയാൾക്ക് കുറെ കൈക്കൂലിയും കൊടുക്കേണ്ടിവരുമെന്നറിയാമോ?

Mr. Tariatu Kunjitomman : അതൊക്കെയുണ്ട്. എന്നാൽ നിയമവിദഗ്ധനായ എന്റെ മാന്യസ്നേഹിതൻ ഇതിനെല്ലാം പ്രതിവിധി ഉണ്ടാക്കി ഒരു ബില്ലിവിടെ കൊണ്ടുവന്നാൽ ഞാനും അതിനെ സ്വാഗതം ചെയ്യാം.

Mr. J. John Kattakayam : ബില്ലിൽ 2-ാം വകുപ്പിൽ 2-ാംപാരാവിൽ "ഒരു കൈവശക്കാരൻ നടത്തിയ ഒരു പണി വസ്തുവിന്റെ മറേറതെങ്കിലും ഭാഗത്തിന്റെ വിലയെ സാരമായി കുറക്കുന്നപക്ഷം ആ പണി ഒരുദേഹണ്ഡമാകുന്നതല്ല." എന്നു പറഞ്ഞിട്ടില്ലേ?

Mr. Tariatu Kunjitomman : അതൊക്കെ അവ്യക്തവും തെളിവിനെ ആശ്രയിച്ചിരിക്കുന്നതുമാകുന്നു. തെളിവുകൊടുക്കയെന്നുള്ളതു് ദരിദ്രരായ സാധുക്കൾക്ക് ഒരിക്കലും സാധ്യമല്ല. വ്യക്തവും യാതൊരു തർക്കത്തിനും ഇടകൊടുക്കാത്തതുമായ വകുപ്പുകളാണ് ഉണ്ടാക്കേണ്ടതു്.

Mr. Komilezhathu Sankaran : ഈ ബില്ലുകൊണ്ട് കർഷകനു ഗുണമില്ലെന്നാണോ മെമ്പറുടെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman : ഇണമില്ലെന്നമാത്രമല്ല ദോഷം വളരെയുണ്ടുതാനും.

Mr. Komilezhathu Sankaran : യാതൊരു സംഘടനയുമില്ലാത്ത തൊഴിലാളികളെ സംഘടിപ്പിക്കാൻ ഇതൊരു പ്രേരകമായില്ലേ?

Mr. Tariatu Knnjitomman: അതു ശരിയായിരിക്കാം. എന്നാൽ അവർ യോജിച്ചാൽ എന്താണു അവരെക്കൊണ്ടു ചെയ്യാൻസാധിക്കുന്നതു? ദോഷണ്ഡികളെല്ലാംകൂടി ചേർന്നാൽ ഒരു ജന്മിയെ നിയന്ത്രിക്കാൻ സാധിക്കുമോ?

Mr. E. P. Varghese : ജന്മിമാർ ഇങ്ങനെ ഒരുബിൽ വേണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

Mr. Tariatu Kunjitomman : യോഗ്യന്മാരായ ജന്മിമാരും ഇങ്ങനെ ഒന്നാവശ്യപ്പെടുകയില്ല. എങ്കിലും അവരിൽ ചിലരുടെ സഹായം ഇതിനുണ്ടായിരിക്കാം. ജന്മിമാർ ധാരാളമുള്ള ഒരു താലൂക്കിലെ പ്രതിനിധിയാണു ഈ ബിൽകൊണ്ടുവന്നതു്. ദോഷണ്ഡികളുടെ കഷ്ടത ഇവിടെയുള്ളവരാരും കണ്ടിട്ടില്ല. ദോഷണ്ഡങ്ങളെല്ലാം നടക്കുന്നതു് റിസർവിനോടടുത്തുള്ള പ്രദേശങ്ങളിലാണു്.

Mr. M. Govindan ; ബില്ലിൽ ദോഷണ്ഡങ്ങളുടെ വിവരണം പറയുന്ന ക്ലൂട്ടത്തിൽ വസ്തുക്കൾക്കു വിലവർദ്ധിച്ചിരിക്കയും തുടർന്നു വിലവർദ്ധിച്ചുകൊണ്ടിരിക്കയും ചെയ്യണമെന്നുപറയുന്നു.

വിലവർദ്ധന തുടർന്നുകൊണ്ടിരിക്കയെന്നുള്ളതു് കണ്ടുപിടിക്കാനുള്ളതു് ആരാണു്? ഭാവിയിൽ വരാൻപോകുന്ന ഒരു കാര്യത്തെ കണ്ടുപിടിക്കാനുള്ള മുമതല കമ്മിഷണരെ ഏൽപ്പിച്ചിരിക്കുന്നതു ശരിയാണോ?

Mr. Tariatu Kunjitomman: ഒരിക്കലും ശരിയല്ല. അതും തെളിവിൽ തീർക്കേണ്ട ഒരു സംഗതിയാണു്. ദോഷണ്ഡികളുടെ ഭാഗം തെളിയിക്കയെന്നുള്ളതു് അസാദ്ധ്യമാണെന്നു ഞാൻ പല ആവർത്തി പറഞ്ഞുകഴിഞ്ഞു.

Mr. J. John Kattakayam : അസസ്സ്മെഴ്സിനെ നിശ്ചയിച്ചാൽ അവരെ കോടതിമുഖാന്തരം വിസ്തരിക്കാനുള്ള അവകാശം നഷ്ടപ്പെടുകയില്ലേ?

Mr. Tariatu Kunjitomman: ആ ദോഷങ്ങളൊക്കെയുണ്ടു്.

Mr. K. P. Nilakanta Pillai : തെളിവുഭാരം ജന്മിക്കു കൊടുത്താൽ വിഷമമുണ്ടോ?

Mr. Tariatu Kunjitomman: ആരിൽവച്ചാലും തെളിയിക്കാനുള്ളതു വിഷമമാണു്. എന്തിനു ഇങ്ങനെ ബുദ്ധിമുട്ടാൻപോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായിട്ടതന്നെ പറയാമല്ലൊ. ഏതുതരത്തിലുള്ള ദേഹണ്ഡങ്ങൾക്കും മാക്കറു റേറന്നസരിച്ചു് ഉള്ള ദേഹണ്ഡം കൊടുക്കണമെന്ന വ്യവസ്ഥ ചെയ്യുന്നതിലെന്താണു ദോഷം?

Mr. J. John Kattakayam : ഒരു പുരയിടം നിലമാക്കിയാൽ അതിലേക്കുള്ള ദേഹണ്ഡം ഈ ബില്ലനുസരിച്ചു കിട്ടുമോ?

Mr. Tariatu Kunjitomman : അതൊക്കെ തെളിവിനെ ആശ്രയിച്ചിരിക്കുന്നു. കർഷകർ ദരിദ്രരായിട്ടു വരികയാണു്. നൂറു രൂപ കിട്ടിക്കൊണ്ടിരുന്ന കരമുള്ളതിനു് ഇപ്പോൾ ഏഴു രൂപ കിട്ടുന്നില്ല.

Mr. K. P. Nilakanta Pillai: കാർഷികോല്പന്നങ്ങളുടെ വിലക്കുറവു് ഈ ബില്ലിനെ ബാധിക്കുമോ?

Mr. Tariatu Kunjitomman : തെളിവുഭാരം തലയിൽവച്ചാൽ പണമില്ലാതെ എങ്ങനെയാണു തെളിയിക്ക. വക്കീലന്മാർക്കഫീസുകൊടുക്കണം. മുൻസിപ്പുകോടതിവക്കീലന്മാർക്കു കുറെ കുറച്ചുകൊടുത്താൽ മതിയെങ്കിലും ഒരു ബി. എൽ. വക്കിലിനെ ആക്കിയാൽ കൂടുതൽ പണം കൊടുക്കണം. അതിനൊക്കെ പണമില്ലെങ്കിൽ കർഷകൻ എന്തുചെയ്യും. കർഷകനു് ഒരു ഉണ്ടു പുരയിടമെ ഉണ്ടായിരിക്കയുള്ളൂ. ഒരു ജന്മി ഒരു വിധി സമ്പാദിച്ചാൽ മറ്റുള്ളവർക്കു വേറെ വ്യവഹാരംകൂടാതെ കഴിക്കാം.

Mr. M. Govindan. ഈ ബില്ലിന്റെ അവതാരകൻ ഉദ്ദേശകാരണം പറയുന്ന സ്ഥലത്തു്

> "The strongest and the richest partly moulds the matter in his own way and the Commissioners are often seen to lead astay even the Courts....."

എന്നു പറഞ്ഞിട്ടുണ്ടു്.

Mr. Tariatu Kunjitomman: അതൊക്കെയുണ്ടു്. എന്തെല്ലാംപറഞ്ഞാലും കൃഷിക്കാരനെ നശിപ്പിക്കാൻ നാം വകകൊടുപ്പാനുമാത്രം മതി.

Mr. Kayalam Paramesvaran Pillai : താനെ ഉണ്ടാകുന്നവൃക്ഷങ്ങൾക്കു ദേഹണ്ഡംകൊടുക്കണമെന്നു മെമ്പർക്കഭിപ്രായമുണ്ടോ?

Mr. Tariatu Kunjitomman : നിശ്ചയമായും ഉണ്ടു്. മനുഷ്യർ താനേയുണ്ടാകുമോ? അതുപോലെ ഒന്നുംതന്നെ താനെ ഉണ്ടാകയില്ല. ആഹാരംകൊടുത്തു സംരക്ഷിച്ചാലെ അതു വളരുന്ന വരികയുള്ളൂ. എപ്പോഴും വെട്ടിക്കിളച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലത്തു താനെ ഒരു വൃക്ഷം ഉണ്ടാവുക എന്നുള്ളതു് അസംഭാവ്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Nilakanta Pillai: ആഞ്ഞിലിവൃക്ഷത്തിന് എന്താണാഹാരം?

Mr. Tariatu Kunjitomman: വാക്കത്തി ഉപയോഗിച്ച് വെട്ടിക്കളയാതിരിക്കുന്നതുതന്നെയാണ് ഒന്നാമത്തെ രക്ഷ. വേനൽക്കാലത്തും അതിന്റെ ഇല പൊഴിയാത്തതിനാൽ അതിന്റെ ചുവട്ടിൽ മറ്റൊന്നുംതന്നെ ഉണ്ടാകയില്ല. മറ്റു കൃഷികൾക്കു തടസ്ഥത്തെയുണ്ടാക്കുന്ന ഒരു വൃക്ഷത്തെ സംരക്ഷിച്ചിട്ടും ഉദ്ദേശിക്കു അതിന്റെ വില കിട്ടുകയില്ലെന്നു വരുന്നതു് എത്ര കഷ്ടമാണ്.

Mr. Kayalam Parameswaran Pillai. പുരയിടം കിളച്ചു കൃഷിചെയ്യാത്തതായിരിക്കാം വലിയരക്ഷ.

Mr Tariatu Kunjitomman: എപ്പോഴും ചുവട്ടിൽ കിളച്ചു കപ്പയുംമറ്റും വച്ചു സംരക്ഷിക്കുന്നതുകൊണ്ടാണ് ഇങ്ങനെയുള്ളവ ഉണ്ടാകുന്നതു്.

Mr. K. P. Nilakanta Pillai: ആഞ്ഞിലിവൃക്ഷത്തിന്റെ ചുവട്ടിൽ കപ്പ വെയ്ക്കുമോ?

Mr. Tariatu Kunjitomman: ചെറിയ വൃക്ഷങ്ങളുടെ ചുവട്ടിൽ കപ്പയുണ്ടാകും, വലിയ വൃക്ഷങ്ങളുടെ ചുവട്ടിലാണെങ്കിൽ ഉണ്ടാകയില്ല.

Mr. J. John Kattakayam: പുരയിടങ്ങൾ കിളയ്ക്കുന്നതുകൊണ്ടല്ലെ അവിടെ നിൽക്കുന്ന വൃക്ഷങ്ങൾ തഴച്ചുവരുന്നതു്?

Mr. Tariatu Kunjitomman. അതെ.

Mr. M. Govindan: ആഞ്ഞിലിവൃക്ഷം വരിവരിയായി നട്ടു സംരക്ഷിച്ചുവരുന്ന പതിവുമില്ലെ?

Mr. Tariatu Kunjitomman: ധാരാളമുണ്ട്. ആയിരക്കണക്കിന് ആഞ്ഞിലി നട്ടുപിടിപ്പിച്ചു കൊടി പടർത്തിയിട്ടുള്ള സ്ഥലങ്ങൾ ധാരാളമുണ്ട്. ഇങ്ങനെ വരിവരിയായിട്ടുള്ളതു നട്ടു വളർത്തുന്നതാണ്. അല്ലാത്ത പ്രകൃതിയിൽ വരിവരിയായിട്ട വൃക്ഷങ്ങൾ മുളക്കാറില്ല.

Mr. J. John Kattakayam: മുളകുകൊടി ആഞ്ഞിലിയിൽ പടർത്തുന്നതു് ആഞ്ഞിലിയെക്കൂടി സംരക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ലേ?

Mr. Tariatu Kunjitomman: അതെ.

Mr. M. P. Madavan Pillai: ഭോണ്ഡവില തിട്ടപ്പെടുത്താൻ മെമ്പർ എവിടേയെങ്കിലും പോയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Tariatu Kunjitomman: കോടതിയിൽനിന്നും ഞാൻ മദ്ധ്യസ്ഥനായിട്ടോ, വക്കീലായിട്ടോപോയിട്ടില്ല.

Mr. M. P. Madavan Pillai : ദേഹണ്ഡറില തിട്ടപ്പെട്ട ഞാൻ കക്ഷികളുടെ അപേക്ഷപ്രകാരം വല്ലസ്ഥലത്തും പോയിട്ടുണ്ടോ?

Mr. Tariatu Kunjitomman: കോടതിയിൽനിന്നും അയയ്ക്കപ്പെട്ടന്ന ആമീൻറെക്രടെ ഞാൻ പോയിട്ടില്ല ഞാൻ മദ്ധ്യസ്ഥംപറഞ്ഞു ചില വ്യവഹാരങ്ങളൊക്കെ ഒതുക്കിയിട്ടുണ്ട്.

Mr. J. John Kattakayam : അങ്ങിനെ മദ്ധ്യസ്ഥംപറഞ്ഞു ഒതുക്കിയതു വീട്ടിലിരുന്നൊ പുരയിടങ്ങളിൽചെന്നു നോക്കിയോ?

Mr. Tariatu Kunjitomman: രണ്ടുപ്രകാരത്തിലും.

Mr. M. P. Madhavan Pillai: അങ്ങിനെ പോയിട്ടുള്ളതു കൃഷിക്കാരുടെ ഭാഗത്തേക്കുവേണ്ടിയോ ജന്മിമാരുടെ ഭാഗത്തേക്കുവേണ്ടിയോ?

Mr. Tariatu Kunjitomman : രണ്ടുകൂട്ടർക്കുംവേണ്ടി പോയി ന്യായമായി തീർത്തിട്ടുണ്ട്. ഇപ്പോഴത്തെ ബില്ലുവന്നകഴിഞ്ഞാൽ മദ്ധ്യസ്ഥമൊന്നും ആവശ്യമില്ല. കോടതിയിൽപോയി തെളിയിച്ചാൽമതി.

Mr. M. Govindan: മലബാറിൽനിന്നു നാം പലനിയമങ്ങളും ഇവിടെ പകർത്തിയിട്ടുണ്ട്. അവിടത്തെ നിയമത്തിൽ വൃക്ഷങ്ങൾതാനെ വളന്നാലും മുക്കാൽപങ്കു വിലകൊടുക്കണമെന്ന വ്യവസ്ഥയുള്ളതായി അറിയാമോ?

Mr. Tariatu Kunjitomman. അതിനേക്കാൾ ഗുണകരമായ ഒരു വ്യവസ്ഥയാണു നമുക്കു വേണ്ടതു്. ഈ ബില്ലുകൊണ്ടു പുരോഗമനമല്ല അധോഗമനമാണുണ്ടാകുന്നതു്. പരിഷ്കൃതരാജ്യങ്ങൾ വ്യവസായത്തിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ജനസഞ്ചയത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിയമങ്ങൾ പാസാക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്നു. നമ്മുടെ രാജ്യത്തിനു ഐശ്വര്യം വർദ്ധിക്കുന്നതു കൃഷിയിൽനിന്നുമാണു്. കയറുമതി സാമാനങ്ങൾക്കു കിട്ടുന്ന ആദായംകൊണ്ടു നമുക്കു ഇറക്കുമതിസാമാനങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. ഇവിടത്തെ കയറുമതി വർദ്ധിപ്പിക്കുന്നതിനായി അക്ഷീണം പ്രയത്നിക്കുന്ന ഒരു കൂട്ടരെയാണു് ഇപ്പോൾ വെള്ളിയിലിറക്കണമെന്നു പറയുന്നതു്.

Mr. Komilezhathu Sankaran : കർഷകക്കു് രാഷ്ട്രീയമായ വല്ല സംഘടനയുമിവിടെയുണ്ടോ?

Mr. Tariatu Kunjitomman : ഇല്ല. അവക്കിവിടെ പ്രതിനിധിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kayalam Parameswaran Pillai : അവരുടെ കാര്യം വാദിക്കാൻ ഇവിടെ മി. കുഞ്ഞിത്തൊമ്മനില്ലേ?

Mr. Tariatu Kunjitomman : ഞാൻ അവക്കുവേണ്ടി കഴിയുന്നതും വാദിക്കുന്നുണ്ട്. ഞാൻ അവരുടെ ഇടയിൽനിന്നും വരുന്നവനാണ്.

Mr. Kayalam Parameswaran Pillai : അപ്പോൾ അവർക്കു സങ്കടത്തിനു വഴിയില്ലല്ലോ?

Mr. Tariatu Kunjitomman : നാട്ടിൻപുറത്തുനിന്നുംവരുന്ന എന്റെ സ്നേഹിതന്മാർ അവക്കുവേണ്ടി വാദിക്കുന്നുണ്ട്. എന്നാൽ പണ്ഡിതനായ ലാമെമ്പരുടെ സാഹചര്യംകൂടി ഞങ്ങൾക്കുണ്ടാകണം.

Mr. Komilezhathu Sankaran : മി. കുഞ്ഞിത്തൊമ്മനെ അനുകൂലിക്കാൻ ഈ കൌൺസിലിൽ എത്രപേർ കാണും?

Mr. Tariatu Kunjitomman : നിങ്ങളെല്ലാം ഉണ്ടാകും.

Mr. J. John Kattakayam : യഥാർത്ഥ കർഷകപ്രതിനിധികൾ ഇവിടെ ഉണ്ടായിരുന്നാൽ ഇങ്ങിനെ ഒരു ബില്ലിവിടെയുണ്ടാകുമോ?

Mr. M. N. Parameswaran Pillai : Sir, I rise to a point of order and say that it is a reflection on the lower House.

Chairman : ആ ചോദ്യം അനുവദിക്കുന്നില്ല.

Mr. J. John Kattakayam : ഈ ബില്ലിന്റെ വ്യാപകപ്പിനെപ്പറ്റി മെമ്പർക്കുള്ള അഭിപ്രായമെന്താണ്?

Mr. Tariatu Kunjitomman : അതും തെറ്റാണ്, അതിനപ്പുറമുള്ളതും തെറ്റാണ്. ഈ ബില്ലുതന്നെ തെറ്റാണെന്നാണ് ഞാൻ പറയുന്നതു്.

Mr. J. John Kattakayam : ഒരു പുരയിടത്തിനു കരാള വക്കാൻ എത്രപണം വേണം?

Mr. Tariatu Kunjitomman : അതു പുരയിടങ്ങളുടെ വലിപ്പച്ചെറുപ്പംപോലെയായിരിക്കും ഏതായാലും കയ്യാലകെട്ടാൻ വലിയ ചെലവുണ്ടെന്നു സമ്മതിച്ചേതീരൂ. രാജ്യത്തിന്റെ അഭിവൃദ്ധിക്കായി പരിശ്രമിക്കുന്നവരെ നിരാശരിതരും അധ്വാനത്തിൽ വൈമനസ്യമുള്ളവരുമാക്കിത്തീർത്താൽ നമ്മുടെ രാജ്യം ഐശ്വര്യത്തിൽ പുരോഗതിയെ പ്രാപിക്കുമോ? പരിശ്രമികളായ ജനസഞ്ചയം സൃഷ്ടിപരമായ കർമ്മങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ ഗവണ്മെന്റു അവരെ പ്രോത്സാഹിപ്പിക്കുതന്നെ വേണം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Kochikal P. Balakrishnan Tampi : I move that the question be now.....

Mr. Kayalam Paramesvaran Pillai : Not when he is speaking.

Mr. Kochikal P. Balakrishnan Tampi : Sir, I can move at any stage. Sir, I may say that in Parliament as a provision against the Irish tactics, closure motion was moved by members interrupting a speech.

Mr. M. Govindan : On a point of order. Is it permissible to have a conversation between the honourable member and the Law Member?

Mr. Tariatu Kunjitomman : അതിനാൽ രാജ്യത്തിന്റെ പുരോഗതിയെവേണം ഈ സഭ കാര്യമായി ഗണിക്കാൻ. ഈ സഭ നിയമസമിതിയുടെ ഉപരിമണ്ഡലമാണ്. ഉദ്വേഗമോ ഉന്മത്തയോ കൂടാതെ ഓരോ കാര്യങ്ങളെയും ഗ്രഹിച്ചു കടത്തിവിടണ്ട ഒരു സ്ഥാപനമാണിതു്.

Mr. Kochikal P. Balakaishnan Tampi : I move that the question be now put..... ...

Mr. M. N. Paramesvaran Pillai : On a point of order, Sir. I wish to have your ruling whether the question can be moved while an honourable member is on his legs.

Mr. Kochikal P. Balakrishnan Tampi : Sir, I may be allowed to explain myself. I do not want to use any tactics. This is only a Parliamentary method devised to stop indefinite talking. This wholesome provision was introduced in the House of Commons when some members in the House was particularly lavish in eloquence to prolong the discussion and gain their own end. Hence I am competent to move for closure at any stage of the debate.

Mr. S. Piraviperumal Pillai : Can you point out that this can be allowed under the Standing Orders of the Council?

Chairman : It is open to the member to move for closure at any stage of the debate. But I do not think that it is proper to apply that here at this stage in the middle of a speech.

Mr. Tariatu Kunjitomman : അതുകൊണ്ടു ഗവണ്മെന്റും ബഹുമാന്യരായ എന്റെ സഹപ്രവർത്തകന്മാരും ഈ കാര്യത്തെപ്പറ്റി ഗാഢമായി ചിന്തിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ രാജ്യത്തെ സകല ഐശ്വര്യത്തിനും അസ്ഥിവാരമായിരിക്കുന്ന സാധുകർഷകക്കുപദ്രവകരമായ ഈ ബില്ലിനെ ബഹിഷ്കരിക്കയാണു വേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. Komilezhathu Sankaran : ഈ രാജ്യത്തെ ഐശ്വര്യം വ്യാവസായികമായ പുരോഗതിയിലല്ല, കാർഷികമായ പുരോഗതിയിലാണെന്നാണോ മെമ്പർ പറയുന്നത് ?

Mr. Tariatu Kunjitomman : ഇവിടത്തെ വ്യവസായങ്ങളൊന്നും കൃഷിയിൽനിന്നു വേർപ്പെട്ട് നിൽക്കുന്നവയല്ല. ഭൂഗർഭത്തിൽനിന്നു അനേകം സാധനങ്ങളെടുത്തു സംസ്കരിച്ചു അന്യദേശങ്ങളിലേക്കയച്ചു നമ്മുടെ ഐശ്വര്യം പരിരക്ഷിക്കാൻ നമുക്കു നിർവാഹമില്ല. ഇവിടെ കാർഷികവിഭവങ്ങളെ സംസ്കരിച്ചു അന്യരാജ്യങ്ങളിലേക്കയക്കുന്ന വ്യവസായമാണുള്ളത്. വിദേശികളുടെ മൂലധനം മുടക്കി പകിട്ടുള്ളതും വില കുറഞ്ഞതുമായ സാധനങ്ങളുണ്ടാക്കി നമ്മുടെ തുറമുഖങ്ങളിൽ ധാരാളം ഇറക്കിക്കൊണ്ടിരിക്കുമ്പോൾ അവയോടു മൽസരിക്കത്തക്കവണ്ണമുള്ള ഒരു വ്യവസായം ഇവിടെ തുടങ്ങുക എന്നുള്ളതു ക്ഷിപ്രസാധ്യമാണ്.

Mr. M. Govindan : വസ്തു ഒഴിപ്പിക്കാൻ വിധിസമ്പാദിച്ചാൽ കോടതിയിൽനിന്നും അനുവാദമുണ്ടാകാൻ എത്രകാലം കാത്തിരിക്കണം?

Mr. Tariatu Kunjitomman : അതൊക്കെ വലിയ ഉപദ്രവമാണ്. മുന്നുകൊല്ലം കഴിഞ്ഞു ഉടൻ ഹർജികൊടുത്തില്ലെങ്കിൽ കാലഹരണദോഷം വരും.

Mr. K. P. Nilakanta Pillai : ഭോഗ്യവില കിട്ടിയാൽ ഭൂമി വിട്ടുപോകാൻ കർഷകനു വിഷമമുണ്ടോ?

Mr. Tariatu Kunji tomman : വിഷമമുണ്ട്. അവനു വേറെ ഒരുസ്ഥലത്തുംപോകാൻ സാധിക്കുകയില്ല.

Mr. M. N. Paramesvaran Pillai : ഇപ്പോഴത്തെ നിരക്കനുസരിച്ചു ഭോഗ്യഭൂമികാംക്ഷിക്കനുകൂലമല്ല എന്നു പറഞ്ഞു. ഫ ൦ ൦ ൦ രൂപാ കൊടുത്തു ഒരു നിലം വാങ്ങിച്ചസ്ഥലം അയാൾ വിട്ടുപോകുമ്പോൾ അയാൾക്കു ഫ ൧൫ ൦ രൂപാ കിട്ടുന്നു.

Mr. Tariatu Kunjitomman : അങ്ങിനെ കഷ്ടപ്പെട്ടു വസ്തു ഒഴിപ്പിച്ചുകൊള്ളണമെന്നു ഒരു നിർബന്ധവുമില്ലല്ലോ?

Mr. J. John Kattakayam : അങ്ങിനെ കഷ്ടപ്പെട്ട ആരെങ്കിലും ഭോഗ്യംകൊടുക്കാറുണ്ടോ?

Mr. Tariatu Kunjitomman : ഒരിക്കലുമില്ല. പരഭോഗ്യം കൊണ്ടുണ്ടായിട്ടുള്ള ആദായത്തെ സ്വായത്തമാക്കിത്തീർക്കാൻ വേണ്ടി ഭോഗ്യികളെ അടിച്ചിറക്കാൻ ശ്രമിക്കും. സ്വയമേവ അധഃപതനമു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാകണമെന്ന അതും ഇഷ്ടപ്പെടുകയില്ല. എല്ലാവരും ന്യായസ്ഥന്മാരായിരുന്നാൽ നിയമങ്ങളുടെ വല്ല ആവശ്യവുമുണ്ടോ?

Mr. K. P. Nilakanta Pillai : സർ, പുതിയപായിൻറുകൾ യാതൊന്നും പറയാതെ ഈ ചവിട്ടിച്ചർവ്വണം ചെയ്യുന്നതിനെ അനുവദിക്കാമോ?

